വോട്ടിനായി പേര് ചേർത്തിടാം
നാടിനായി വോട്ട് ചെയ്തിടാം

TELEPHONE: **0471-2328158**
MOBILE : **8281000127**

**www.sec.kerala.gov.in**

Email:
**pro2025sec@gmail.com**
**cru.sec@kerala.gov.in**
**electionker@gmail.com**

# വാർത്താക്കുറിപ്പ്

**കേരള സംസ്ഥാന തിരഞ്ഞെടുപ്പ് കമ്മീഷൻ**

**18 November 2025**

## ഇലക്ട്രോണിക് വോട്ടിംഗ് മെഷീനുകളുടെ വിന്യാസം : ഇവിഎം ട്രാക്ക് സോഫ്റ്റ് വെയർ പ്രവർത്തനസജ്ജമായി

തദ്ദേശസ്വയംഭരണ തിരഞ്ഞെടുപ്പിന് ഉപയോഗിക്കുന്ന ഇലക്ട്രോണിക് വോട്ടിംഗ് മെഷീനുകളുടെ വിന്യസത്തിനും അവയുടെ നീക്കം നിരീക്ഷിക്കുന്നതിനുമായി തിരഞ്ഞെടുപ്പ് കമ്മീഷൻ തയ്യാറാക്കിയ ഇവിഎം ട്രാക്ക് സോഫ്റ്റ് വെയർ പൂർണമായും പ്രവർത്തനസജ്ജമായി. ഇതിന്റെ ഉദ്ഘാടനം കമ്മീഷണർ എ.ഷാജഹാൻ നിർവ്വഹിച്ചു.

കേന്ദ്രീകൃത സംവിധാനത്തിലൂടെ ഏകോപിപ്പിക്കാൻ സാധിക്കുന്നതും സംസ്ഥാനത്ത് എല്ലായിടത്തും വോട്ടിംഗ് മെഷീനുകളുടെ നീക്കം ഒരുപോലെ ട്രാക്ക് ചെയ്യാൻ കഴിയുന്നതുമായ ഇവിഎം ട്രാക്ക്, ഭാവിയിൽ കേന്ദ്ര തിരഞ്ഞെടുപ്പ് കമ്മീഷനുൾപ്പെടെ ഇതര സംസ്ഥാന കമ്മീഷനുകൾക്കും ഫലപ്രദമായി വിനിയോഗിക്കാനാകുന്ന സോഫ്റ്റ് വെയറാണെന്നു കമ്മീഷണർ പറഞ്ഞു.

കമ്മീഷന്റെ ഇവിഎം കൺസൾട്ടന്റ് എൽ.സൂര്യനാരായണന്റെ മേൽനോട്ടത്തിൽ എഞ്ചിനീയറിംഗ് വിദ്യാർത്ഥികളായ ആഷിൻ സി അനിൽ, ജെസ്വിൻ സൺസി എന്നിവരാണ് ഇവിഎം ഇൻവെന്ററി ആൻറ് മാനേജ്മെന്റ് സോഫ്റ്റ്‌വെയർ തയാറാക്കിയത്. ചടങ്ങിനെ തുടർന്ന് ജില്ലാതല ട്രെയിനർമാർക്ക് ഇവിഎം ട്രാക്കിന്റെ പരിശീലനവും ഓൺലൈനായി നടന്നു.

തദ്ദേശ സ്വയംഭരണ പൊതു തിരഞ്ഞെടുപ്പിനുള്ള ഇലക്ട്രോണിക് വോട്ടിംഗ് മെഷീനുകൾ ആദ്യഘട്ട പരിശോധന (FLC) കഴിഞ്ഞ് വോട്ടെടുപ്പിന് ഉപയോഗിക്കാൻ സജ്ജമായിട്ടുണ്ട്. ഫസ്റ്റ് ലെവൽ ചെക്കിങ്ങിന് ഇവിഎം ട്രാക്ക് പരീക്ഷണാടിസ്ഥാനത്തിൽ ഉപയോഗിച്ചിരുന്നു.

സംസ്ഥാന തിരഞ്ഞെടുപ്പ് കമ്മീഷന്റെ ഉടമസ്ഥതയിലുള്ള 137922 ബാലറ്റ് യൂണിറ്റുകളും 50693 കൺട്രോൾ യൂണിറ്റുകളുമാണ് ജില്ലകളിലെ സ്ട്രോംഗ് റൂമുകളിൽ സൂക്ഷിച്ചിട്ടുള്ളത്. ഇവയെല്ലാം കമ്മീഷനിംഗ് കഴിഞ്ഞതിന് ശേഷം, ഇവിഎം ട്രാക്ക് സോഫ്റ്റ് വെയറിന്റെ സഹായത്തോടെ വിവിധ പോളിംഗ് സ്റ്റേഷനുകളിൽ വോട്ടെടുപ്പിനായി വിന്യസിക്കും.

സംസ്ഥാന തിരഞ്ഞെടുപ്പ് കമ്മീഷൻ ഓഫീസിൽ നടന്ന ചടങ്ങിൽ കമ്മീഷൻ സെക്രട്ടറി ബി.എസ് പ്രകാശ്, ഇവിഎം കൺസൾട്ടന്റ് എൽ.സൂര്യനാരായണൻ, സോഫ്റ്റ് വെയർ വികസിപ്പിച്ച എഞ്ചിനീയറിംഗ് വിദ്യാർത്ഥികളായ ആഷിൻ സി അനിൽ, ജെസ്വിൻ സൺസി , കമ്മീഷനിലെ ഉദ്യോഗസ്ഥർ തുടങ്ങിയവർ പങ്കെടുത്തു.

**(എസ്.ഇ.സി 57 / 2025)**



സംസ്ഥാന തിരഞ്ഞെടുപ്പ് കമ്മീഷണർ എ ഷാജഹാൻ ഇവിഎം ട്രാക്ക് സോഫ്റ്റ് വെയർ ഉദ്ഘാടനം ചെയ്യുന്നു.

## ഹരിതച്ചട്ട പാലനം : പ്രചാരണ വാഹനം ഫ്ലാഗ് ഓഫ് ചെയ്തു

തദ്ദേശസ്ഥാപനങ്ങളിലേക്കുള്ള പൊതുതിരഞ്ഞെടുപ്പിലെ ഹരിതച്ചട്ടപാലനത്തിന്റെ പ്രചാരണത്തിനുള്ള വീഡിയോ വാഹനത്തിന്റെ ഫ്ളാഗ് ഓഫ് സംസ്ഥാന തിരഞ്ഞെടുപ്പ് കമ്മീഷൻ ആസ്ഥാനത്ത് കമ്മീഷണർ എ ഷാജഹാൻ നിർവ്വഹിച്ചു.

തിരഞ്ഞെടുപ്പ് കമ്മീഷന് വേണ്ടി ശുചിത്വമിഷനാണ് പ്രചാരണയാത്ര സംഘടിപ്പിക്കുന്നത്. ഹരിതചട്ടം പാലിക്കാം , തദ്ദേശതിരഞ്ഞെടുപ്പ് ഹരിതാഭമാക്കാം എന്നതാണ് പ്രചാരണത്തിന്റെ പരസ്യവാചകം.

ശുചിത്വ മിഷൻ എക്സിക്യൂട്ടീവ് ഡയറക്ടർ യു വി ജോസ്, മലിനീകരണ നിയന്ത്രണ ബോർഡ് ചെയർപേഴ്സൺ എസ്.ശ്രീകല, തിരഞ്ഞെടുപ്പ് കമ്മീഷൻ സെക്രട്ടറി ബി.എസ്.പ്രകാശ്, ശുചിത്വമിഷനിലെയും കമ്മീഷനിലെയും ഉദ്യോഗസ്ഥർ തുടങ്ങിയവർ സന്നിഹിതരായിരുന്നു.

'ഭൂമിയെ സംരക്ഷിച്ചുകൊണ്ട് വോട്ട് ചെയ്യുക' എന്ന ഇത്തവണത്തെ പൊതുതിരഞ്ഞെടുപ്പിനുള്ള സന്ദേശത്തിന് ഊന്നൽ നൽകിക്കൊണ്ടുള്ള പ്രചാരണമാണ് ലക്ഷ്യമിടുന്നത്. ഹരിതച്ചട്ടം പാലനം സംബന്ധിച്ച അവബോധം പൊതുജനങ്ങളിലും സ്ഥാനാർത്ഥികളിലും, രാഷ്ട്രീയ പാർട്ടികളിലും, ഉദ്യോഗസ്ഥരിലും സൃഷ്ടിക്കുന്നതിനാണ് താഴെത്തട്ടിലുള്ള ഇത്തരം പ്രചാരണ പ്രവർത്തനങ്ങൾ കമ്മീഷൻ നടത്തുന്നത്.

സംസ്ഥാനത്തെ എല്ലാ തദ്ദേശസ്ഥാപനങ്ങളിലെയും നിയോജകമണ്ഡലങ്ങളിൽ ഹരിതച്ചട്ടം പാലനവുമായി ബന്ധപ്പെട്ട പ്രചാരണപ്രവർത്തനങ്ങൾ ശുചിത്വ മിഷൻ, മലിനീകരണ നിയന്ത്രണ ബോർഡ്, അതത് തദ്ദേശസ്ഥാപനങ്ങൾ എന്നിവയുടെ ആഭിമുഖ്യത്തിൽ സംഘടിപ്പിക്കും. കുടുംബശ്രീ, ഹരിതകർമ്മസേന, ക്ളീൻ കേരള കമ്പനി എന്നിവയുടെ സഹകരണത്തോടെയാണ് ഹരിതചട്ടപാലനം നടപ്പാക്കുന്നത്.




തിരഞ്ഞെടുപ്പ് ഹരിതച്ചട്ടപാലനം പ്രചാരണ വീഡിയോ വാഹനം സംസ്ഥാന തിരഞ്ഞെടുപ്പ് കമ്മീഷണർ എ ഷാജഹാൻ ഫ്ളാഗ് ഓഫ് ചെയ്യുന്നു

**(എസ്.ഇ.സി 58 / 2025)**

## തദ്ദേശ തിരഞ്ഞെടുപ്പ് : വോട്ടെടുപ്പ് ദിവസങ്ങളിൽ അവധി അനുവദിക്കും

തദ്ദേശ സ്ഥാപനങ്ങളിലെ തിരഞ്ഞെടുപ്പിനുള്ള വോട്ടെടുപ്പ് ദിവസങ്ങളിൽ പൊതു അവധി പ്രഖ്യാപിക്കാൻ സംസ്ഥാന തിരഞ്ഞെടുപ്പ് കമ്മീഷൻ നിർദ്ദേശം നൽകി. സമ്മതിദായകർക്ക് വോട്ടവകാശം വിനിയോഗിക്കുന്നതിന് ഡിസംബർ 09, 11 തീയതികളിൽ ബന്ധപ്പെട്ട ജില്ലകളിൽ പൊതു അവധിയും, നെഗോഷ്യബിൾ ഇൻസ്ട്രുമെന്റ്റ് ആക്ട് അനുസരിച്ചുള്ള അവധിയും അനുവദിക്കണം.

അതോടൊപ്പം സംസ്ഥാനത്തെ ഫാക്ടറി, പ്ലാന്റേഷൻ മറ്റ് ഇതര വിഭാഗം ജീവനക്കാർക്കും കൂടി പൊതുഅവധി ലഭ്യമാക്കുന്നതിനോ അല്ലെങ്കിൽ അവർക്ക് സമ്മതിദാനാവകാശം വിനിയോഗിക്കുന്നതിനുള്ള സൗകര്യം നൽകുന്നതിന് തൊഴിൽ ഉടമകൾക്ക് നിർദ്ദേശം നൽകുന്നതിനോ സംസ്ഥാന സർക്കാർ നടപടി സ്വീകരിക്കണമെന്നും കമ്മീഷൻ നിർദ്ദേശിച്ചു.

കേന്ദ്ര സർക്കാർ വകുപ്പുകളിലെയും, കേന്ദ്ര പൊതുമേഖലാ സ്ഥാപനങ്ങളിലെയും ജീവനക്കാർക്ക് വോട്ടെടുപ്പ് ദിവസങ്ങളിൽ അവധി അനുവദിക്കുന്നതിന് നടപടി സ്വീകരിക്കാൻ കേന്ദ്ര പേഴ്സണൽ ആൻഡ് ട്രെയിനിങ് വകുപ്പിനോടും സംസ്ഥാന തിരഞ്ഞെടുപ്പ് കമ്മീഷൻ ആവശ്യപ്പെട്ടു.

തിരുവനന്തപുരം, കൊല്ലം, പത്തനംതിട്ട, ആലപ്പുഴ, കോട്ടയം, ഇടുക്കി, എറണാകുളം ജില്ലകളിൽ ഡിസംബർ 9 നും തൃശ്ശൂർ, പാലക്കാട്, മലപ്പുറം, കോഴിക്കോട്, വയനാട്, കണ്ണൂർ, കാസർകോഡ് ജില്ലകളിൽ ഡിസംബർ 11 നുമാണ് അവധി. രാവിലെ 7 മുതൽ വൈകുന്നേരം 6 വരെയാണ് വോട്ടെടുപ്പ് സമയം.

**(എസ്.ഇ.സി 59 / 2025)**